**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 136** **22-07-2021 - ൽ മറുപടിയ്ക്ക്**

**കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ,<br>ശ്രീ. കെ.എം.സച്ചിൻദേവ്,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ. ആന്റണി ജോൺ | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വാഹനങ്ങൾ മൂലമുള്ള അന്തരീക്ഷ മലിനീകരണം അപകടകരമായ വിധം വർദ്ധിക്കുന്ന കാലത്ത് വൈദ്യുതി വാഹനങ്ങൾ നിർമ്മിക്കുന്നതിനുള്ള 'കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡിന്റെ' പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച ഈ പദ്ധതി കൂടുതൽ കാര്യക്ഷമമായി മുന്നോട്ടു കൊണ്ടു പോകുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | കഴിഞ്ഞ സർക്കാരിന്റെ ഇ-വെഹിക്കിൾ നയത്തിന്റെ ഭാഗമായിട്ടാണ് കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് ഇലക്ട്രിക് വാഹന നിർമ്മാണം തുടങ്ങിയത്. അതിനുവേണ്ടി വിവിധങ്ങളായ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചിരുന്നു. അതിന്റെ തുടർച്ചയെന്നോണം ഈ സർക്കാർ ഇലക്ട്രിക് വാഹനനിർമ്മാണം ത്വരിതപ്പെടുത്തുന്നതിന് കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിന് 10 കോടി രൂപ ബഡ്ജറ്റിൽ അനുവദിച്ചു. കൂടാതെ കമ്പനിയുടെ ഭാവി നിർമ്മാണ പദ്ധതിക്ക് രൂപം നൽകുന്നതിന്റെ ഭാഗമായുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് അന്തിമഘട്ടത്തിലാണ്. |
| (സി) | ഏതെല്ലാം തരത്തിലുള്ള ഇലക്ട്രിക് വാഹനങ്ങളാണ് നിർമ്മാണം പൂർത്തീകരിച്ച് പുറത്തിറക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ? | (സി) | നിലവിൽ L5 കാറ്റഗറി പാസഞ്ചർ ഇലക്ട്രിക് ഓട്ടോയാണ് നിർമ്മാണം പൂർത്തീകരിച്ച് പുറത്തിറക്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ